# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>സഹകരണ മേഖലയിലെ പുതിയ പദ്ധതികൾ</u>

2073 ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണമേഖലയിൽ നടപ്പാക്കാൻ ലക്ഷ്യമിടുന്ന പുതിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഈ മേഖലയിൽ എത്ര തുകയുടെ നിക്ഷേപമാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ;

(സി) സഹകരണ മേഖലയിലെ പദ്ധതികളുടെ നടത്തിപ്പിന് ആവശ്യമായ വിഭവ സമാഹരണം എപ്രകാരമാണ് ലക്ഷ്യമിടുന്നത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 17.06.2014-ലെ മറുപടിക്ക്

<u>സഹകരണ മേഖലയുടെ വളർച്ചയ്ക്കും പുരോഗതിക്കുമുള്ള പദ്ധതികൾ</u>

2074 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യത്തിന്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റ ശേഷം സഹകരണ മേഖലയുടെ വളർച്ചക്കും പുരോഗതിക്കുമായി നടപ്പിലാക്കിയ പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

സഹകരണമേഖലയുടെ ജനക്ഷേമകരമായ പരിഷ്ക്കാരങ്ങൾ

2075 ശ്രീ. എം. ഉമ്മർ
,, പി. കെ. ബഷീർ
,, കെ. മുഹമ്മദുണ്ണി ഹാജി
,, റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണമേഖല കൂടുതൽ ജനക്ഷേമകരമാക്കി മാറ്റുന്നതിന് ഈ സർക്കാർ അധികാരമേറ്റ ശേഷം എന്തൊക്കെ പരിഷ്കാരങ്ങൾ വരുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഈ ലക്ഷ്യം കൈവരിക്കാൻ ഓരോ വർഷവും നൽകിയ ധനസഹായം സംബന്ധിച്ച വിശദവിവരം നല്കാമോ;

(സി) പ്രൈമറി സഹകരണ സംഘങ്ങൾക്ക് വായ്പകളിന്മേൽ ഈടാക്കാവുന്ന പരമാവധി പലിശനിരക്ക് നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ അതെത്രയാണെന്നും അതിൽ കൂടുതൽ ഈടാക്കുന്ന സംഘത്തിനെതിരെ എന്തു നടപടിയാണ് സ്വീകരിക്കാറുള്ളതെന്നും വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>മിഷൻ 676-ൽ പലിശരഹിത വായ്പാ പദ്ധതികൾ</u>

2076 ശ്രീ. അൻവർ സാദത്ത്
,, റ്റി. എൻ. പ്രതാപൻ
,, സണ്ണി ജോസഫ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി പലിശരഹിത വായ്പയ്ക്കായി സഹകരണ മേഖലയിൽ നൂതന പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം പദ്ധതികളാണ് മിഷൻ 676-വഴി സഹകരണ വകുപ്പ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതികളെ സംബന്ധിച്ച രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>കാർഷിക സേവന കേന്ദ്രങ്ങൾ</u>

T2077 ശ്രീ. സി. ദിവാകരൻ
,, ജി. എസ്. ജയലാൽ
ശ്രീമതി ഗീതാ ഗോപി
ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക സേവന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കേന്ദ്രങ്ങൾ; ഓരോ ജില്ലയിലും എത്ര വീതം ആരംഭിച്ചു എന്നറിയിക്കുമോ;

(ബി) കാർഷിക സേവന കേന്ദ്രങ്ങൾ വഴി കൂടുതലായി എന്തെല്ലാം സേവനങ്ങളാണ് കർഷർക്ക് നല്കാനുദ്ദേശിക്കുന്നത്?

# കേരള നിയമസഭ
# 17.06.2014-ലെ മറുപടിക്ക്

<u>സഹകരണ കോൺഗ്രസും എക്സ്പോയും</u>

2078 ശ്രീ. ബെന്നി ബെഹനാൻ
,, ഐ. സി. ബാലകൃഷ്ണൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ കോൺഗ്രസ്സും എക്സ്പോയും സംഘടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇവയിലൂടെ കൈവരിക്കാനുദ്ദേശിച്ചതെന്ന് വിശദമാക്കാമോ;

(സി) എന്തെല്ലാം വിഷയങ്ങളാണ് ഇവയിൽ ചർച്ച ചെയ്യപ്പെട്ടിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) എന്തെല്ലാം തുടർ നടപടികളാണ് കോൺഗ്രസ്സിനും എക്സ്പോയ്ക്കും ശേഷം സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കുമോ?

**കേരള നിയമസഭ**
**17.06.2014-ലെ മറുപടിക്ക്**

<u>സഹകരണ മേഖലയിലെ കാർഷിക വായ്പ</u>

2079

ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങൾ 2010-11, 2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിൽ ആകെ വിതരണം ചെയ്ത കാർഷിക വായ്പ എത്ര;

(ബി) 31.03.2014-ന് കേരളത്തിൽ എത്ര പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളാണ് നഷ്ടത്തിൽ പ്രവർത്തിച്ചിരുന്നത്; ജില്ല തിരിച്ച് പട്ടിക വ്യക്തമാക്കുമോ;

(സി) ബാങ്കിംഗ് നിയന്ത്രണ നിയമ ഭേദഗതിയിലെ സഹകരണ കാർഷിക വായ്പാ സംഘങ്ങളെ ബാധിക്കുന്ന പ്രധാന വ്യവസ്ഥകൾ എന്തൊക്കെ; വിശദമാക്കാമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>കാർഷിക വായ്പ പിഴപലിശയിൽ ഇളവ്</u>

2080 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽ നിന്നും കാർഷിക വായ്പ യുൾപ്പെടെയുള്ള കടങ്ങൾ വാങ്ങി തിരിച്ചടക്കാൻ കഴിയാതെ ദരിദ്ര കുടുംബങ്ങൾ ആത്മഹത്യ ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പിഴപലിശകൾ ഇളവു ചെയ്യുന്നതിന് നിർദ്ദേശിച്ചിട്ടും സാമ്പത്തിക പ്രയാസം കാരണം സഹകരണ ബാങ്കുകൾ ഇളവ് അനുവദിക്കുന്നില്ല എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം പിഴ പലിശ ഇളവ് അനുവദിക്കാൻ സഹകരണ ബാങ്കുകൾക്ക് ധനസഹായം അനുവദിക്കാമോ?

# കേരള നിയമസഭ
# 17.06.2014-ലെ മറുപടിക്ക്

'ഉണർവ്വ് 2012' പദ്ധതി പ്രകാരമുള്ള ആഡിറ്റ് സർട്ടിഫിക്കറ്റ്

2081 ശ്രീ. എൻ.എ. നെല്ലിക്കുന്ന്
,, വി.എം. ഉമ്മർമാസ്റ്റർ
,, പി. ഉബൈദുള്ള
,, അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കൊണ്ടുവന്ന 'ഉണർവ്വ് 2012' പദ്ധതിപ്രകാരം സഹകരണ സ്ഥാപനങ്ങളുടെ ബാക്കിപത്രം സംശുദ്ധമാക്കി യഥാർത്ഥ സാമ്പത്തിക സ്ഥിതി വെളിപ്പെടുത്തുന്ന ആഡിറ്റ് സർട്ടിഫിക്കറ്റ് തയ്യാറാക്കുന്ന നടപടികൾ പൂർത്തിയായിക്കഴിഞ്ഞോ;

(ബി) എങ്കിൽ 01.04.2014ലെ പ്രഥമിക, ജില്ലാ, സംസ്ഥാന സഹകരണ സ്ഥാപനങ്ങളുടെ മൊത്തം ആസ്തി ബാദ്ധ്യതകൾ സംബന്ധിച്ച വിശദവിവരം നല്കാമോ;

(സി) സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പ നൽകുന്നതിനുള്ള വ്യവസ്ഥകളിൽ ഈ വർഷം പുതിയ ഇളവുകൾ പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം നൽകാമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

സഹകരണമേഖലയിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കാൻ നടപടി

2082 ശ്രീ. സി.എഫ് തോമസ്
,, റ്റി.യു.കുരുവിള
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓരോ നിയോജക മണ്ഡലത്തിലും സഹകരണ മേഖലയിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) ഇപ്രകാരം ഏതെല്ലാം നിയോജക മണ്ഡലങ്ങളിൽ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>സഹകരണ മേഖലയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ</u>

2083 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ പുതുതായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് നിലവിലെ മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(ബി) സ്വകാര്യ-സ്വാശ്രയ മേഖലയിൽ നടത്തുന്ന സ്ഥാപനങ്ങളെ അപേക്ഷിച്ച് ഗുണ മേൻമയും കാര്യക്ഷമതയും നിലനിർത്താൻ സഹകരണ സംഘങ്ങൾക്ക് കഴിയുമെന്നത് വിലയിരുത്തിയിട്ടുണ്ടോ;

(സി) ഇത്തരം മേഖലയിൽ സേവന താല്പര്യം പ്രകടിപ്പിക്കുന്ന സംഘങ്ങൾക്ക് പ്രാരംഭ പ്രവർത്തനങ്ങൾക്കാവശ്യമായ സ്ഥലവും, സാങ്കേതികസഹായവും ലളിതമായ വ്യവസ്ഥയിൽ വായ്പയും, ഗ്രാന്റും നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>സഹകരണ വകുപ്പിന്റെ പലിശ ഇളവോടുകൂടിയ വിദ്യാഭ്യാസ വായ്പാ പദ്ധതികൾ</u>

2084

ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചുവരുന്ന വിദ്യാഭ്യാസ ചെലവുകൾ താങ്ങാൻ കഴിയാത്ത പാവപ്പെട്ട വിദ്യാർത്ഥികളുടെ രക്ഷിതാക്കളെ സഹായിക്കുന്നതിന് പലിശ ഇളവോടുകൂടിയ എന്തെങ്കിലും വായ്പാ പദ്ധതികൾ സഹകരണ വകുപ്പ് നടപ്പാക്കിവരുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇല്ലെങ്കിൽ പ്രത്യേക വിദ്യാഭ്യാസ പലിശ ഇളവു വായ്പാ പദ്ധതി ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 17.06.2014-ലെ മറുപടിക്ക്

<u>ജില്ലാ സഹകരണ ബാങ്കുകളിലെ നിക്ഷേപം</u>

2085 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജില്ലാ സഹകരണബാങ്കുകളിൽ 2011 മാർച്ച് 31 ന് ഉണ്ടായിരുന്നമൊത്ത നിക്ഷേപം എത്രയായിരുന്നു; ഇതിൽ പ്രാഥമിക സഹകരണ സംഘങ്ങളുടെ മാത്രം നിക്ഷേപം എത്രയായിരുന്നു; വായ്പ ഇതര പ്രാഥമിക സംഘങ്ങളുടെ നിക്ഷേപം എത്രയായിരുന്നു; ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ ജില്ലാ സഹകരണബാങ്കുകളിൽ 2014 മാർച്ച് 31 ന് ഉണ്ടായിരുന്ന മൊത്ത നിക്ഷേപം എത്ര; ഇതിൽ പ്രാഥമിക സഹകരണ സംഘങ്ങളുടെ മാത്രം നിക്ഷേപം എത്രയായിരുന്നു. വായ്പ ഇതര പ്രാഥമിക സംഘങ്ങളുടെ നിക്ഷേപം എത്രയായിരുന്നു; ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) വായ്പ ഇതര സഹകരണ സംഘങ്ങളുടെ സർപ്ലസ് ഫണ്ട് ജില്ല സഹകരണ ബാങ്കിൽ തന്നെ നിക്ഷേപിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ജില്ലാ സഹകരണ സംഘങ്ങളിൽ വോട്ടവകാശമുള്ള അംഗത്വം ലഭിച്ചിട്ടുള്ള വായ്പ ഇതര പ്രാഥമിക സംഘങ്ങൾ എത്ര; വായ്പാ സംഘങ്ങൾ എത്ര;

(ഇ) സഹകരണ സ്ഥാപനങ്ങളിലെ മിച്ച നിക്ഷേപം ട്രഷറിയിൽ നിക്ഷേപിക്കാൻ നിർദ്ദേശം നൽകിയിരുന്നോ; 2014 മെയ് 31 വരെ സഹകരണ സ്ഥാപനങ്ങൾ ട്രഷറിയിൽ എന്തു തുക നിക്ഷേപിച്ചു; വിശദമാക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>മരണപ്പെട്ട നിർദ്ധനരുടെ വായ്പ എഴുതിത്തള്ളാൻ നടപടി</u>

2086 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യത്തിന്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുത്ത നിർദ്ധനകുടുംബത്തിൽപ്പെട്ടതും മരണപ്പെട്ടവരുമായുള്ളവരുടെ വായ്പ കുടിശ്ശിക എഴുതി തള്ളുന്നതിന് എന്തെങ്കിലും ഉത്തരവുകൾ നിലവിലുണ്ടോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

**കർഷക കടാശ്വാസ കമ്മീഷൻ ഉത്തരവു പ്രകാരം എഴുതിത്തള്ളിയ തുക തിരികെ ലഭ്യമാക്കാൻ നടപടി**

2087

ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കർഷക കടാശ്വാസ കമ്മീഷന്റെ ഉത്തരവു പ്രകാരം എഴുതിത്തള്ളിയ പ്രാഥമിക സഹകരണ സംഘങ്ങളുടെ വായ്പാ തുകയും പലിശയും പ്രാഥമിക സഹകരണ സംഘങ്ങൾക്ക് തിരികെ ലഭ്യമാക്കുന്നതിന് സർക്കാർ തുക നീക്കിവച്ചിട്ടുണ്ടോ;

(ബി) കർഷക കടാശ്വാസ കമ്മീഷൻ അവാർഡ് പ്രകാരം എത്ര തുകയാണ് ഇത്തരത്തിൽ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് നൽകുവാനുള്ളതെന്നും ഏതു കാലയളവു മുതലുള്ള തുകയാണ് നൽകുവാനുള്ളതെന്നും അറിയിക്കുമോ;

(സി) പ്രസ്തുത തുക നൽകുമ്പോൾ മുതലും പലിശയും അടക്കം പ്രാഥമിക സഹകരണ സംഘങ്ങൾക്കു നൽകുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇല്ലെങ്കിൽ പ്രാഥമിക സഹകരണ സംഘങ്ങൾ ജില്ലാ സഹകരണ ബാങ്കുകൾക്ക് നൽകുവാനുള്ള പലിശയ്ക്ക് ഇളവു ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

നബാർഡ് കാർഷിക വായ്പ പലിശ എഴുതിത്തള്ളൽ

2088

ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചെറുകിട കർഷകർ സഹകരണ ബാങ്കുകൾ വഴി എടുത്തിട്ടുള്ള നബാർഡ് കാർഷിക വായ്പയുടെ പലിശ ഇനത്തിൽ എത്ര രൂപയാണ് 2013 - ൽ എഴുതിത്തള്ളിയതെന്ന് വിശദമാക്കുമോ?

**കേരള നിയമസഭ**
**17.06.2014-ലെ മറുപടിക്ക്**

<u>നഷ്ടത്തിലുള്ള പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ</u>

2089 ശ്രീമതി. കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പ്രാഥമിക കാർഷിക വായ്പാ സഹകരണസംഘങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സംഘങ്ങളിൽ എത്രയെണ്ണം ലാഭത്തിൽ പ്രവർത്തിക്കുന്നുണ്ടെന്നും എത്രയെണ്ണം നഷ്ടത്തിൽ പ്രവർത്തിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ;

(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളെ സഹായിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളുടെ ഓഡിറ്റ് ഫീസ് ഒഴിവാക്കി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>കേരള സഹകരണ സംഘം ചട്ടങ്ങളിലെ ഭേദഗതികൾ</u>

2090 ശ്രീ. ജി. സുധാകരൻ
,, ഇ. പി. ജയരാജൻ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സഹകരണ സംഘം ചട്ടങ്ങളിൽ ഭേദഗതി വരുത്താൻ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; ഏതെല്ലാം ചട്ടങ്ങളിൽ എന്തെല്ലാം ഭേദഗതികളാണ് നിർദ്ദേശിച്ചിരിക്കുന്നതെന്നും അതിന് ഇടയായ സാഹചര്യം എന്താണെന്നും വെളിപ്പെടുത്തുമോ;

(ബി) ചട്ടങ്ങളുടെ ഭേദഗതി നിർദ്ദേശം ഏതെങ്കിലും പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണോ; എങ്കിൽ വിശദമാക്കുമോ;

(സി) സഹകാരികളുടെയും സഹകരണ ജീവനക്കാരുടെയും സംഘടനകളുമായി ഇക്കാര്യത്തിൽ ചർച്ച നടത്തിയിട്ടുണ്ടായിരുന്നുവോ; സംഘടനകളുടെ ഏതെല്ലാം എതിർപ്പിനെ അവഗണിക്കുകയുണ്ടായിട്ടുണ്ട്;

(ഡി) നിർദ്ദേശങ്ങൾ, സംഘങ്ങളുടെ ജനാധിപത്യത്തേയും അവകാശാധികാരങ്ങളേയും ഹനിക്കുന്നതാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>സഹകരണനിയമ ഭേദഗതി</u>

2091 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ കൊണ്ടുവന്ന 97-ാം ഭരണഘടനാ ഭേദഗതിയുമായി ബന്ധപ്പെട്ട് സഹകരണനിയമം ഭേദഗതി ചെയ്തതിനനുസൃതമായി ചട്ടം ഭേദഗതി ചെയ്യാൻ ആലോചിക്കുന്നുണ്ടോ;

(ബി) പ്രസ്തുത ചട്ടം ഭേദഗതിയുടെ കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് അറിയിക്കുമോ;

(സി) കരട് വിജ്ഞാപന പ്രകാരം നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ സമയം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ദിവസമാണ് അനുവദിച്ചിട്ടുള്ളത്;

(ഡി) സഹകരണ സംഘങ്ങൾക്കും ബാങ്കുകൾക്കും, അവിടങ്ങളിലെ ജീവനക്കാർക്കും ദോഷകരമായ ഒട്ടേറെ കാര്യങ്ങൾ കരട് വിജ്ഞാപനത്തിലുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ദോഷകരമായ കാര്യങ്ങൾ നീക്കം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>സഹകരണ സംഘങ്ങളുടെ ഏരിയാ ഓവർലാപ്പിംഗ്</u>

2092 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർവ്വീസ് സഹകരണസംഘങ്ങൾ ഉൾപ്പെടെയുള്ള പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ പ്രവർത്തന പരിധി നിശ്ചയിക്കുമ്പോൾ അതിവ്യാപനം (ഏരിയാ ഓവർലാപ്പിംഗ്) വ്യാപകമായി ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാര്യക്ഷമമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതും പ്രവർത്തനപരിധി താരതമ്യേന കുറവുള്ളതുമായ സർവ്വീസ് സഹകരണ സംഘങ്ങളുടെ പ്രവർത്തനപരിധിയ്ക്കുള്ളിൽ, പ്രവർത്തനപരിധി കൂടുതലുള്ള സർവ്വീസ് സഹകരണ ബാങ്കുകൾ ബ്രാഞ്ചുകൾ തുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സഹകരണതത്വങ്ങളും നിയമവും ചട്ടവും കാറ്റിൽ പറത്തി, സർവ്വീസ് സഹകരണബാങ്കുകൾ, പ്രവർത്തനപരിധിയിൽ അതിവ്യാപനം വരത്തക്കവിധം, ബ്രാഞ്ചുകൾ തുടങ്ങുന്ന പ്രവണതയ്ക്ക് അറുതിവരുത്താൻ അടിയന്തരനടപടി സ്വീകരിക്കാമോ?

# കേരള നിയമസഭ
## 17.06.2014–ലെ മറുപടിക്ക്

<u>ത്രിവേണി സ്റ്റോറുകളെ ലാഭകരമാക്കാൻ നടപടി</u>

2093 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ത്രിവേണി സ്റ്റോറുകൾ ഇപ്പോൾ ലാഭത്തിലാണോ പ്രവർത്തിക്കുന്നത് എന്ന് അറിയിക്കുമോ;

(ബി) ത്രിവേണി സ്റ്റോറുകൾ ലാഭകരമായും, ജനോപകാരപ്രദമായും നടത്തിക്കൊണ്ടു പോകാൻ എന്തൊക്കെ നടപടികളാണ് എടുത്തിട്ടുള്ളത്;

(സി) ലാഭകരമല്ലാത്ത സ്ഥലങ്ങളിലെ ത്രിവേണി സ്റ്റോറുകൾ പൂട്ടാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) നന്മ സ്റ്റോറുകളിലൂടെ സബ്സിഡിയുള്ള ഏതെല്ലാം ഉത്പന്നങ്ങളാണ് ഇപ്പോൾ വിതരണം ചെയ്യുന്നത്;

(ഇ) പൊതുവിപണിയിൽ നിന്നുള്ള ഇവയുടെ വില വ്യത്യാസം ഇനം തിരിച്ച് നൽകാമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

വാമനപുരം മണ്ഡലത്തിലെ സഞ്ചരിക്കുന്ന ത്രിവേണി സൂപ്പർമാർക്കറ്റുകൾ

2094 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ സഞ്ചരിക്കുന്ന ത്രിവേണി സൂപ്പർമാർക്കറ്റുകൾ എത്രയെണ്ണം അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഏതെല്ലാം സ്ഥലങ്ങളിലാണ് ഇവയുടെ സേവനം ഇപ്പോൾ ലഭ്യമാക്കുന്നതെന്ന് അറിയിക്കുമോ;

(സി) ഓരോ വാഹനത്തിൽ നിന്നും ലഭിച്ചുകൊണ്ടിരിക്കുന്ന പ്രതിദിന ശരാശരി വരുമാനം എത്രയാണ്;

(ഡി) പ്രസ്തുത മാർക്കറ്റുകൾ ലാഭത്തിലാണോ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നതെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>വിലക്കയറ്റം തടയാൻ സഹകരണ സംഘങ്ങളുടെ പ്രവർത്തനം</u>

2095 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, കെ. ശിവദാസൻ നായർ
,, ലൂഡി ലൂയിസ്
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിത്യോപയോഗ സാധനങ്ങൾ വിലകുറച്ച് നൽകാനായി സഹകരണ മേഖലയെ എപ്രകാരമാണ് പ്രയോജനപ്പെടുത്തിയതെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി സഹകരണ സംഘങ്ങളും കൺസ്യൂമർഫെഡും എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്നുള്ള വിശദാംശം അറിയിക്കുമോ;

(സി) ഏതെല്ലാം തരത്തിലുള്ള സ്റ്റോറുകൾ ഇതിനായി ആരംഭിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം പിടിച്ചുനിർത്താൻ സഹകരണ മേഖലയുടെ പ്രവർത്തനങ്ങൾ എത്രമാത്രം സഹായിച്ചിട്ടുണ്ടെന്നുള്ള വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 17.06.2014-ലെ മറുപടിക്ക്

<u>കണ്‍സ്യൂമര്‍ഫെഡ് ഹൈടെക് ക്ലിനിക്കുകള്‍</u>

2096 ശ്രീ. സണ്ണി ജോസഫ്
,, പാലോട് രവി
,, എം. എ. വാഹീദ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കണ്‍സ്യൂമര്‍ ഫെഡ് ഹൈടെക് ക്ലിനിക്കുകള്‍ തുടങ്ങാനുദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) ഹൈടെക് ക്ലിനിക്കുകളുടെ ഉദ്ദേശലക്ഷ്യങ്ങളും പ്രവര്‍ത്തന രീതിയും എന്തെല്ലാമാണ് ;

(സി) ചികിത്സാ രംഗത്തെ ചൂഷണം തടയാന്‍ പ്രസ്തുത ക്ലിനിക്കുകള്‍ എത്രമാത്രം പ്രയോജനപ്പെടുമെന്നാണ് കരുതുന്നത് ; വിശദമാക്കാമോ ;

(ഡി) എന്തെല്ലാം ചികിത്സാ സൗകര്യങ്ങളാണ് ക്ലിനിക്കുകളില്‍ ഉള്‍പ്പെടുത്താനുദ്ദേശിക്കുന്നത് ; വിശദാംശങ്ങള്‍ എന്തെല്ലാം ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

കണ്‍സ്യൂമര്‍ഫെഡിന്റെ  ഇളം വള്ളൂര്‍ ഗോഡൗണില്‍ ഗുണനിലവാരം കുറഞ്ഞ സാധനങ്ങള്‍ വാങ്ങിയവര്‍ക്കെതിരെ നടപടി

2097 ശ്രീമതി പി. അയിഷാപോറ്റി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കൊല്ലം ഇളംപള്ളൂരില്‍ കണ്‍സ്യൂമര്‍ ഫെഡിന്റെ ഗോഡൗണിലേക്ക് ഗുണനിലവാരം കുറഞ്ഞ സാധനങ്ങള്‍ വാങ്ങുകയും വിതരണം സാധ്യമാകാതെ പ്രസ്തുത സാധനങ്ങള്‍ ഗോഡൗണില്‍ വച്ചുതന്നെ കത്തിനശിപ്പിച്ചതില്‍ എത്ര നഷ്ടമുണ്ടായി എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സംഭവത്തിന് കാരണക്കാരായ ഉദ്യോഗസ്ഥര്‍ക്കെതിരെ എന്തെല്ലാം നടപടികള്‍ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>കൊല്ലം നീതി മെഡിക്കൽസ് വെയർഹൗസിലെ അഴിമതി</u>

2098 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡിന്റെ കൊല്ലത്തുള്ള നീതിമെഡിക്കൽസ് വെയർഹൗസിൽ നടന്ന മരുന്ന് ക്രമക്കേടുമായി ബന്ധപ്പെട്ട് ഡ്രഗ്സ് കൺട്രോളർ വിഭാഗം വിജിലൻസ് അന്വേഷണം ആവശ്യപ്പെട്ടുകൊണ്ട് സർക്കാരിന് നൽകിയ റിപ്പോർട്ടിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ;

(ബി) ക്രമക്കേട് നടത്തിയ ഉദ്യോഗസ്ഥന്മാർക്കെതിരെ വകുപ്പ്തലത്തിലോ ക്രിമിനൽ നിയമ നടപടി പ്രകാരമോ നടപടികൾ എടുത്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>സഹകരണമേഖലയിലെ ധൂർത്തും അഴിമതിയും</u>

2099 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമവ്യവസായവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിൽ വ്യാപകമായി കണ്ടുവരുന്ന ധൂർത്തും അഴിമതിയും അവസാനിപ്പിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(ബി) നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന സംഘം ഭാരവാഹികൾക്കെതിരെ ബഹു. ഹൈക്കോടതിയുൾപ്പെടെയുള്ള നീതി ന്യായ സ്ഥാപനങ്ങളിൽ അംഗങ്ങൾ നൽകുന്ന കേസ്സുകൾ നടത്താൻ സംഘം ഫണ്ടിൽ നിന്നും ലക്ഷക്കണക്കിന് രൂപ അനധികൃതമായെടുത്തു ചെലവഴിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ;

(സി) ഇതു സംബന്ധിച്ചു ലഭിക്കുന്ന പരാതികളിന്മേൽ സമയബന്ധിതമായി അന്വേഷണം നടത്തി കർശന നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>മെമ്പർ റിലീഫ് ഫണ്ട്</u>

2100 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക സഹകരണ സംഘങ്ങൾ മെമ്പർ റിലീഫ് ഫണ്ട് രൂപീകരിക്കണമെന്ന് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) സംഘത്തിന്റെ ലാഭത്തിന്റെ എത്ര ശതമാനമാണ് മെമ്പർ റിലീഫ് ഫണ്ടിനായി നീക്കിവയ്ക്കേണ്ടത്;

(സി) ഓരോ സംഘത്തിന്റെയും മെമ്പർ റിലീഫ് ഫണ്ട് അതത് സംഘത്തിന്റെ മെമ്പർമാരുടെ ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നതിന് അനുമതി നൽകുന്നതിനുപകരം സംസ്ഥാനാടിസ്ഥാനത്തിൽ ഫണ്ട് മാനേജ് ചെയ്യുവാനുള്ള തീരുമാനം സഹകരണതത്വങ്ങൾക്കും സഹകരണജനാധിപത്യ രീതികൾക്കും വിരുദ്ധമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഓരോ സംഘത്തിന്റേയും മെമ്പർ റിലീഫ് ഫണ്ട് അതത് സംഘത്തിലെ അംഗങ്ങൾക്ക് ലഭ്യമാക്കത്തക്കവിധം സഹകരണ വകുപ്പിന്റെ മേൽ നോട്ടത്തിൽ മാനേജ് ചെയ്യുന്നതിന് ഉതകുന്ന രീതിയിൽ ചട്ടം ഭേദഗതി ചെയ്യുവാൻ തയ്യാറാകുമോ ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>പറവൂർ സഹകരണ ആശുപത്രിയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി</u>

2101 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ പറവൂരിൽ പ്രവർത്തിക്കുന്ന സഹകരണാശുപത്രിയുടെ പ്രവർത്തനങ്ങൾ സർക്കാർ പരിശോധിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) എറണാകുളം സഹകരണ ആശുപത്രി മെഡിക്കൽ കോളേജായി ഗവൺമെന്റ് ഏറ്റെടുക്കുന്ന നടപടി പൂർത്തിയായിട്ടുണ്ടോ എന്നറിയിക്കുമോ;

(സി) പറവൂർ സഹകരണ ആശുപത്രിയുടെ പ്രവർത്തനങ്ങൾ കൂടുതൽ സൗകര്യങ്ങളോടെ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

പെൻഷനായവർക്ക് പുനർ നിയമനം നൽകുന്ന സഹകരണ നിയമ ചട്ടം റദ്ദ് ചെയ്യാൻ നടപടി

2102 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിലെ ആഡിറ്റ് വിഭാഗം ജീവനക്കാർ പെൻഷനായതിനു ശേഷവും ആഡിറ്റ് ജോലിയിൽ തുടരുന്നതിന് സഹായകരമായ രീതിയിൽ ആഡിറ്റർമാരുടെ പാനൽ തയ്യാറാക്കുന്നതിനാവശ്യമായ തരത്തിൽ സഹകരണ ചട്ടങ്ങൾക്ക് ഭേദഗതി വരുത്തി വിജ്ഞാപനം ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ വിജ്ഞാപനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) പെൻഷൻപറ്റി പിരിഞ്ഞ ജീവനക്കാർക്ക് പുനർനിയമനം ലഭിക്കുന്നതിനായി ചട്ടവിരുദ്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഈ വിജ്ഞാപനം റദ്ദുചെയ്യാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>വ്യാപാര്‍ ലോണിന്റെ കിട്ടാക്കടം</u>

2103 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന സഹകരണ ബാങ്ക് വ്യാപാരികള്‍ക്ക് പരസ്പര ജാമ്യത്തില്‍ വ്യാപാര്‍ ലോണ്‍ നല്‍കാറുണ്ടോ;

(ബി) കാലാവധി കഴിഞ്ഞിട്ടും തിരിച്ചടയ്ക്കാത്ത എത്ര വ്യാപാര്‍ ലോണുകള്‍ ഉണ്ടെന്നും ഇതുവഴി എത്ര രൂപ ബാങ്കുകള്‍ക്ക് കിട്ടാനുണ്ടെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) വ്യാപാര്‍ ലോണ്‍ വിതരണത്തില്‍ ക്രമക്കേടുകള്‍ ഉണ്ടെന്ന് നബാര്‍ഡ് കണ്ടെത്തിയിട്ടുണ്ടോ; അതില്‍ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(ഡി) ലോണ്‍തുക തിരികെ ലഭിക്കുന്നതിന് ബാങ്ക് സ്വീകരിച്ചിട്ടുള്ള നടപടികള്‍ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

ഓപ്പറേഷൻ അന്നപൂർണ്ണ

2104 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡ് 'ഓപ്പറേഷൻ അന്നപൂർണ്ണ' എന്ന പേരിൽ നടത്തിയ വിജിലൻസ് റെയ്ഡിനെ തുടർന്നുള്ള തുടരന്വേഷണത്തിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത റെയ്ഡ് പ്രകാരം പ്രതികളായി ചേർക്കപ്പെട്ട ഉദ്യോഗസ്ഥർ ഈ കേസിലെ എഫ്.ഐ.ആർ-ന്റെ തുടർനടപടികൾ റദ്ദ് ചെയ്യണമെന്ന് ആവശ്യപ്പെട്ട് ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത കേസിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>വായ്പ നൽകുവാൻ നിശ്ചയിച്ചിട്ടുള്ള നിബന്ധനകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന സംഘങ്ങൾ</u>

2105 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർവ്വീസ് സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള സഹകരണ സ്ഥാപനങ്ങൾ സാധാരണക്കാർ, ചെറുകിട ഇടത്തരം വ്യാപാരികൾ, ചെറുകിട വ്യവസായികൾ എന്നിവർക്ക് വായ്പ നൽകുമ്പോൾ സഹകരണ വകുപ്പ് അംഗീകരിച്ച് നൽകിയിട്ടുള്ള ഉപനിബന്ധനകൾക്ക് വിരുദ്ധമായി ബ്ലാങ്ക് ചെക്ക് ലീഫുകൾ ഒപ്പിട്ടുവാങ്ങിവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംഘങ്ങളിൽനിന്നും വായ്പ കൈപ്പറ്റുകയും എന്തെങ്കിലും കാരണവശാൽ അടയ്ക്കാൻ വീഴ്ചവരുത്തുകയും ചെയ്യുന്ന വർക്കെതിരെ നിയമവും ചട്ടവും അനുശാസിക്കുന്ന റിക്കവറി നടപടി സ്വീകരിക്കുന്നതിനുപകരം ഇവരറിയാതെ ഇവരുടെ ബ്ലാങ്ക് ചെക്കുകളിൽ തുകയെഴുതി ബാങ്ക് കളക്ഷനയച്ച് വണ്ടി ചെക്കാക്കി ക്രിമിനൽ കേസ്സുകൾ ഫയൽ ചെയ്യുന്ന സഹകരണ സംഘം ചീഫ് എക്സിക്യൂട്ടീവ്സിനെതിരെ നടപടിയെടുക്കാൻ നിർദ്ദേശം നൽകുമോ;

(സി) സാധാരണക്കാരിൽനിന്നും ഇത് സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൻമേൽ അടിയന്തര അന്വേഷണം നടത്തുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ; ഇത് സംബന്ധിച്ച് ഒരു പൊതു നിർദ്ദേശം സംഘങ്ങൾക്ക് നൽകുമോ ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>സബ്സ്റ്റാഫ് ഉദ്യോഗ കയറ്റവുമായി ബന്ധപ്പെട്ട ചട്ടം ഭേദഗതി</u>

2106 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിലെ സബ്സ്റ്റാഫിന്റെ ഉദ്യോഗക്കയറ്റവുമായി ബന്ധപ്പെട്ട് നിലവിലുള്ള ചട്ടങ്ങൾ ഭേദഗതി ചെയ്യുവാൻ കരടു വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) മൂന്നുവർഷത്തെ സേവനവും നിശ്ചയിക്കപ്പെട്ട വിദ്യാഭ്യാസയോഗ്യതയുമുള്ളവർക്ക് നിലവിലുള്ള ക്ലാർക്ക് തസ്തികയിലെ ഒഴിവുകളിലേക്ക് ഉദ്യോഗക്കയറ്റം നൽകുവാനുള്ള നിലവിലെ വ്യവസ്ഥ ഭേദഗതി ചെയ്യേണ്ട സാഹചര്യം എന്താണ്;

(സി) ഒൻപത്പേരെ നേരിട്ടു നിയമിക്കുമ്പോൾ ഒരാൾക്കു പ്രമോഷൻ നൽകിയാൽ മതിയെന്ന നിബന്ധന വളരെ കുറച്ചുമാത്രം ജീവനക്കാരുള്ള ബഹുഭൂരിപക്ഷം പ്രാഥമിക സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെയും ഉദ്യോഗകയറ്റത്തെ ബാധിക്കും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതു സംബന്ധിച്ച് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ സബ്സ്റ്റാഫ് ഉദ്യോഗക്കയറ്റവുമായി ബന്ധപ്പെട്ട നിർദ്ദിഷ്ട ചട്ടം ഭേദഗതി റദ്ദു ചെയ്യുമോ?

# കേരള നിയമസഭ
# 17.06.2014-ലെ മറുപടിക്ക്

<u>കണ്‍സ്യൂമര്‍ഫെഡ് സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും വിശദാംശം</u>

2107 ശ്രീ. പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നശേഷം എത്ര ത്രിവേണി ഗോഡൗണുകളും പാക്കിംഗ് സെന്ററുകളും വില്പനശാലകളും നന്മ സ്റ്റോറുകളും അനുവദിച്ചിട്ടുണ്ട്; ഇവയില്‍ വകുപ്പ് നേരിട്ട് നടത്തുന്നവ എത്ര; ഏജന്‍സികള്‍ വഴി നടത്തുന്നവ എത്ര;

(ബി) ഈ ഗവണ്‍മെന്റ് അധികാരത്തില്‍ വരുമ്പോള്‍ എത്ര ത്രിവേണി ഗോഡൗണുകളും പാക്കിംഗ് സെന്ററുകളും വില്പനശാലകളും നന്മ സ്റ്റോറുകളും ഉണ്ടായിരുന്നു; ഇവയില്‍ നേരിട്ട് നടത്തുന്നവയും ഏജന്‍സികള്‍ നടത്തുന്നവയും എത്രയായിരുന്നു;

(സി) കണ്‍സ്യൂമര്‍ ഫെഡിന്റെ ഹെഡ് ഓഫീസില്‍ ഏതെല്ലാം തസ്തികകളില്‍ എത്ര സ്ഥിരം ജീവനക്കാരുണ്ട് എന്നും കോണ്‍ട്രാക്ട്, താല്ക്കാലിക സംവിധാനങ്ങളില്‍ എത്ര ജീവനക്കാര്‍ പ്രവര്‍ത്തിക്കുന്നുണ്ടെന്നും അറിയിക്കുമോ;

(ഡി) കണ്‍സ്യൂമര്‍ ഫെഡ് വഴി എത്ര ഉല്പന്നങ്ങള്‍ വിതരണം ചെയ്യുന്നുണ്ട്; അവ ഏതെല്ലാം;

(ഇ) 2011-12, 2012-13, 2013-2014 വര്‍ഷങ്ങളില്‍ എത്ര കോടി രൂപയുടെ ഉല്പന്നങ്ങള്‍ കണ്‍സ്യൂമര്‍ ഫെഡ് വില്പനയ്ക്കായി വാങ്ങിയിട്ടുണ്ട്;

(എഫ്) ലാഭത്തില്‍ പ്രവര്‍ത്തിക്കുന്ന യൂണിറ്റുകള്‍ ഏതെല്ലാമാണെന്നും നഷ്ടത്തില്‍ പ്രവര്‍ത്തിക്കുന്ന യൂണിറ്റുകള്‍ ഏതെല്ലാമാണെന്നും അറിയിക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>സഹകരണ സംഘങ്ങളിലെ ഡയറക്ടർ ബോർഡിലെ അംഗങ്ങൾക്കുള്ള ബത്തകൾ</u>

2108 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രാഥമിക സഹകരണ സംഘങ്ങൾ, കാർഷിക സഹകരണ സംഘങ്ങൾ, ജില്ലാ സഹകരണ ബാങ്ക് തുടങ്ങിയവയുടെ ഡയറക്ടർ ബോർഡുകളിൽ പ്രവർത്തിച്ചു വരുന്നവർക്ക് നിലവിൽ ഓണറേറിയം, ദിനബത്ത, ക്ഷാമബത്ത തുടങ്ങിയ ഇനങ്ങളിലായി എത്ര രൂപ വീതമാണ് ഓരോ വിഭാഗങ്ങളിലും നൽകുന്നതെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ; പ്രസ്തുത തുക എന്നു മുതലാണ് അനുവദിച്ചിട്ടുള്ളത്;

(ബി) ഓരോ വിഭാഗത്തിനും പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെടുന്നവർക്ക് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന ഓണറേറിയം, ടി.എ, ഡി.എ തുക എത്ര വീതം എന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) വർഷങ്ങളായി സഹകരണ രംഗത്തു നാമമാത്രമായ തുക മാത്രം കൈപ്പറ്റി ജനസേവനം നടത്തി വരുന്ന സാധാരണക്കാരായവർക്ക് ക്ഷേമനിധിയോ പെൻഷനോ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**കേരള നിയമസഭ**
**17.06.2014-ലെ മറുപടിക്ക്**

<u>പുതിയ സഹകരണ സ്ഥാപനങ്ങൾ</u>

2109 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റതിനുശേഷം എത്ര പുതിയ സഹകരണസ്ഥാപനങ്ങൾ ആരംഭിച്ചുവെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

പിരിച്ചുവിടപ്പെട്ട സഹകരണ സ്ഥാപനങ്ങളുടെ ഭരണസമിതികൾ

2110 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം നാളിതുവരെ സംസ്ഥാനത്ത്, ജനാധിപത്യരീതിൽ തെരഞ്ഞെടുക്കപ്പെട്ട എത്ര സഹകരണ സ്ഥാപനങ്ങളുടെ ഭരണസമിതികൾ പിരിച്ചുവിടപ്പെട്ടുവെന്നും, അവ ഏതൊക്കെയാണെന്നും, അവ പിരിച്ചുവിടപ്പെട്ട തീയതികൾ ഏതാണെന്നും ഉള്ള വിശദാംശങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് വിവിധ കോടതികളിൽ നിലവിലുള്ള കേസുകളെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ നൽകാമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസിന് കീഴിലുള്ള വ്യവസായങ്ങൾക്കുള്ള ആനുകൂല്യങ്ങൾ</u>

2111 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസിന് കീഴിലുള്ള വ്യവസായങ്ങൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് അനുവദിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഏതെല്ലാം വ്യവസായങ്ങളാണ് പ്രസ്തുത പരിധിയിൽ വരുന്നത്;

(സി) വ്യവസായങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് മുമ്പ് ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് വകുപ്പ് എന്തെല്ലാം മാനദണ്ഡങ്ങളാണ് പരിശോധിക്കുന്നതെന്നും ആരാണ് പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതെന്നും വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

ഖാദി വിപണന രംഗത്തെ നേട്ടങ്ങൾ

2112 ശ്രീ. കെ. മുരളീധരൻ
'' അൻവർ സാദത്ത്
'' കെ. ശിവദാസൻ നായർ
'' റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഖാദി ഉൽപ്പന്ന വിപണന രംഗത്ത് എന്തെല്ലാം നേട്ടങ്ങൾ ഈ സർക്കാരിന്റെ കാലത്ത് കൈവരിച്ചിട്ടുണ്ട്;

(ബി) ഖാദി ഉൽപ്പന്നങ്ങളുടെ വിൽപ്പനയിൽ നിന്നുള്ള വരുമാനമായി എത്ര കോടി രൂപ ലഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എത്ര ശതമാനം വർദ്ധനയാണ് വിപണന രംഗത്ത് ഉണ്ടായത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത നേട്ടങ്ങൾ കൈവരിക്കാനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വിശദാംശങ്ങൾ നൽകുമോ?

**കേരള നിയമസഭ**
**17.06.2014-ലെ മറുപടിക്ക്**

<u>ഖാദിഗ്രാമ വ്യവസായ ബോർഡ് മുഖേനയുള്ള തൊഴിലവസരങ്ങൾ</u>

2113 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ മേഖലയിലെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ഖാദിഗ്രാമ വ്യവസായവകുപ്പ് ഏതൊക്കെ പദ്ധതികളാണ് നടപ്പാക്കി വരുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ചെറുകിട വ്യവസായ സംരംഭകർക്ക് പ്രോത്സാഹനം നൽകുന്നതിനായി ഖാദിഗ്രാമ വ്യവസായ ബോർഡ് മുഖേന ഏതൊക്കെ പദ്ധതികൾക്ക് എത്ര തുക വീതം അനുവദിക്കാറുണ്ട്;പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?